4. രാഷ്ട്രീയ സാം വികാസ് യോജന (ആർ. എസ്. വി. വൈ) പ്രകാരം ഉൽപ്പാദന മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് വയനാട്, പാലക്കാട് എന്നീ രണ്ട് ജില്ലകളിലായി 75 കോടി രൂപയോളം വരുന്ന തുകയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

5. വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ക്ലസ്റ്റർ സമീപനം സ്വീകരിച്ചു.

6. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി പരമ്പരാഗത-ചെറുകിട വ്യവസായ മേഖലകൾ നൂതന സാങ്കേതിക വിദ്യകൾക്ക് പ്രാമുഖ്യം നൽകി.

7. വിപണി കണ്ടെത്തുകയും തൻമൂലം ഉൽപ്പാദനം വർദ്ധിപ്പിക്കാനും വേണ്ടി ഒരു അഗ്രി. എക്സ്പോർട്ട് സോൺ സ്ഥാപിച്ചിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ

*4 [487] ശ്രീ. ഷിബു ബേബിജോൺ:

,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയിരുന്നത് ഇപ്പോൾ നിർത്തിവച്ചിരിക്കുന്നു എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; എന്നത്തേക്ക് പുനഃസ്ഥാപിക്കാനാകും;

(സി) പുനഃസ്ഥാപിക്കാൻ കഴിയില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ, ബി & സി) 2003-04 സാമ്പത്തിക വർഷം വരെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയിരുന്ന ആക്സിലറേറ്റഡ് റൂറൽ ഇലക്ട്രിഫിക്കേഷൻ പ്രോഗ്രാം, കുടിൽ ജ്യോതി പ്രോഗ്രാം എന്നിവയ്ക്ക് പകരം ഈ വർഷം മുതൽ Accelerated Electrification of One Lakh Villages and One Crore House holds എന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരവും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാനുള്ള വ്യവസ്ഥയുണ്ട്. പുതിയ പദ്ധതി പ്രകാരം തുക അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വൈദ്യുത കണക്ഷൻ നൽകുന്ന പരിപാടി തുടർന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly